**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5945 08/07/2013-ൽ മറുപടിയ്ക്ക്

**മാതൃകാ ഹരിത ഗ്രാമങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷി വകുപ്പിനു കീഴിൽ മാതൃകാ ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | എ) ഉണ്ട്.<br>സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ മിഷൻ ഡയറക്ടർ നോഡൽ ഓഫീസറായി, 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനമന്ത്രി പ്രഖ്യാപിച്ച സംസ്ഥാന ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള 'മാതൃകാ ഹൈടെക്-ഹരിത ഗ്രാമങ്ങൾ' എന്ന പുതിയ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| ബി) മാതൃകാ ഹരിത ഗ്രാമങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | ബി) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനമന്ത്രി പ്രഖ്യാപിച്ച സംസ്ഥാന ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള 'മാതൃകാ ഹൈടെക്-ഹരിത ഗ്രാമങ്ങൾ' എന്ന പദ്ധതി ജില്ലയിൽ ഒന്ന് എന്ന കണക്കിൽ 14 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും സൗരോർജ്ജം, മഴവെള്ള സംഭരണം, ഉറവിട മാലിന്യ സംസ്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കുകയും ഹൈടെക് കൃഷി രീതികളും ജൈവകൃഷിയും പരിസ്ഥിതി സംരക്ഷണവും കൈവരിക്കുകയും ചെയ്യുന്ന വില്ലേജുകളെയാണ് ഹൈടെക്-ഹരിത ഗ്രാമങ്ങൾ എന്ന് വിവക്ഷിക്കുന്നത്. ഇത്തരം മാതൃകാ ഗ്രാമങ്ങൾ ഭക്ഷ്യ സുരക്ഷ, |

| | |
|---|---|
| | ജലസുരക്ഷ, ഊർജ്ജസുരക്ഷ, പരിസ്ഥിതിസുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നു. അംഗീകൃത മാനദണ്ഡങ്ങൾക്കനുസരിച്ച് ഇവ സംവിധാനം ചെയ്യുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും, സാമ്പത്തിക പിൻബലവും ഗവൺമെന്റ് നൽകുന്നതാണ്. വിവിധ പദ്ധതികൾക്ക് നിലവിലുള്ള ഫണ്ടിനുപരിയായി ഒരു ഗ്രാമത്തിന് 3 കോടി എന്ന കണക്കിൽ 14 ഗ്രാമങ്ങൾക്കായി 42 കോടി രൂപയാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) കർമ്മ പദ്ധതിയ്ക്ക് രൂപം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**